**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5964** **09-11-2021 - ൽ മറുപടിയ്ക്ക്**

**നാടാർ പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | നാടാർ പെൺകുട്ടികൾക്ക് നൽകിവരുന്ന വാർഷിക വിദ്യാഭ്യാസ സ്കോളർഷിപ്പ് തുക നാളിതുവരെ വർധിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കോളർഷിപ്പ് തുക പ്രതിവർഷം മൂവായിരം രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന "മുസ്ലീം / നാടാർ ഗേൾസ് സ്കോളർഷിപ്പ്" എന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ടി സ്കോളർഷിപ്പിന്റെ തുക പ്രതിവർഷം 125/- രൂപയാണ്. പ്രസ്തുത സ്കോളർഷിപ്പിന്റെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | നിലവിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ സഹിതം അപേക്ഷിക്കേണ്ടതിനാൽ അർഹതയുള്ളവർ അപേക്ഷിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2016 മുതൽ ഓരോ വർഷവും പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിച്ചവരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ? | (സി) | മുസ്ലീം / നാടാർ ഗേൾസ് സ്കോളർഷിപ്പിന് അപേക്ഷിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. 2016-17 - 175, 2017-18 - 584, 2018-19 - 759, 2019-20 - 923, 2020-21 - 658. |

സെക്ഷൻ ഓഫീസർ